## പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2603 14.02.2013-ൽ മറുപടിക്ക്**

## ഡോക്ടർമാരുടെ കുറവ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.എ.ബേബി<br>,, എം. ചന്ദ്രൻ<br>,, കെ.കെ.നാരായണൻ<br>,, കോലിയക്കോട്.എൻ.കൃഷ്ണൻനായർ | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ഡോക്ടർമാരുടെ അഭാവം കൊണ്ട് സർക്കാരാശുപത്രികളെ ആശ്രയിക്കുന്ന പാവപ്പെട്ടവർക്ക് ചികിത്സ മുടങ്ങുന്നതായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്നറിയിക്കാമോ; | (എ) ഡോക്ടർമാരുടെ അഭാവം കൊണ്ട് സർക്കാരാശുപത്രികളെ ആശ്രയിക്കുന്ന പാവപ്പെട്ടവർക്ക് ചികിത്സ മുടങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഡോക്ടർമാരുടെ കുറവ് നികത്തുന്നതിന് പി.എസ്.സി വഴി ജനറൽ കേഡറിലുള്ള ഡോക്ടർമാരുടേയും സർവ്വീസിൽ പി.ജി ബിരുദമുള്ളവരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ച് സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടേയും ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. അടിയന്തിര ഘട്ടങ്ങളിൽ അഡ്ഹോക്ക് വ്യവസ്ഥയിലും വിരമിച്ച ഡോക്ടർമാരുടേയും സേവനം ഉപയോഗപ്പെടുത്തിവരുന്നു. |
| (ബി) ഏകദേശം 30 ശതമാനത്തോളം തസ്തികകൾ ഒഴിഞ്ഞു കിടന്നിട്ടും ഡോക്ടർ നിയമനം ത്വരിതപ്പെടുത്തുവാൻ കഴിയാതിരുന്നതിന്റെ കാരണം അറിയിക്കുമോ; | ബി) ആരോഗ്യ വകുപ്പിൽ പുതുതായി സൃഷ്ടിച്ച 210 തസ്തിക ഉൾപ്പെടെ ആകെ 549 ഡോക്ടർമാരുടെ തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നത്. അസിസ്റ്റന്റ് സർജൻ തസ്തികയിലെ ഒഴിവുകൾ മുഴുവനും പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.യിൽ നിന്നും നിയമന നിർദ്ദേശം ലഭിച്ച 255 പേർക്ക് നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ബാക്കി ഒഴിവുകൾ പി.എസ്.സി യുടെ നിയമന നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് നികത്തുന്നതാണ് സ്പെഷ്യാലിറ്റി കേഡറിലുള്ള ഒഴിവുകൾ |

| | |
|---|---|
| | സർവ്വീസിൽ പി.ജി ബിരുദമുള്ളവരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ച് നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സിവിൽ സർജൻ, ചീഫ് കൺസൾട്ടന്റ്, സീനിയർ കൺസൾട്ടന്റ്, കൺസൾട്ടന്റ് തസ്തികകളിലെ ഒഴിവുകൾ പ്രമോഷൻ മുഖേന നികത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (സി) ആകെയുളള 1200 ഒഴിവുകളിൽ 10 ശതമാനത്തിൽ താഴെ മാത്രം നിയമനം നടത്തിയതുവഴി പി.എച്ച്.സി, സി.എച്ച്.സി കളുടെ പ്രവർത്തനം അവതാളത്തിലായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | സി) പുതിയതായി സൃഷ്ടിച്ച 210 തസ്തിക ഉൾപ്പെടെ ആരോഗ്യ വകുപ്പിൽ 549 ഡോക്ടർമാരുടെ ഒഴിവുകളുണ്ട്. അസിസ്റ്റന്റ് സർജന്റെ ഒഴിവുകൾ പി.എസ്.സി.യിൽ നിന്നും നിയമന നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് നികത്തുന്നതാണ്. അടിയന്തിര ഘട്ടങ്ങളിൽ അഡ്ഹോക്ക് വ്യവസ്ഥയിലും, വിരമിച്ച ഡോക്ടർമാരുടെ സേവനവും ഉപയോഗപ്പെടുത്തിവരുന്നു. |

സെക്ഷൻ ഓഫീസർ